**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **11-10-2024 - ൽ മറുപടിയ്ക്ക്**

**എൻ.സി.സി. കേഡറ്റുകൾക്ക് നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻ.സി.സി. കേഡറ്റുകൾക്ക് വർഷങ്ങളായി നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട് കഴിഞ്ഞ അക്കാദമിക വർഷം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 2023-2024 സാമ്പത്തിക വർഷത്തെ റിഫ്രഷ്മെന്റ് അലവൻസ് ഇനത്തിൽ 3.27 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ബി) | എൻ.സി.സി. കേഡറ്റുകൾക്ക് വർഷങ്ങളായി നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട് ഈ വർഷം നൽകുന്നതിനായി ടെണ്ടർ വിളിക്കുകയോ ക്വട്ടേഷൻ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ടെണ്ടർ വിളിക്കുന്നതും ക്വട്ടേഷൻ സ്വീകരിക്കുന്നതും അതാത് സ്കൂൾ / കോളേജ് മേധാവികളാണ്. |
| (സി) | ഈ വർഷം എൻ.സി.സി. പരേഡ് നടത്തുന്നതിന് ആവശ്യമായ റിഫ്രഷ്മെന്റ് അലവൻസ് അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | 25.10.2012 തീയതിയിലെ ജി.ഒ(എം എസ്) നം 523/2012/ഉ.വി.വ, 05.07.2023 തീയതിയിലെ സ.ഉ (കൈ)നം. 376/2023/ഉ.വി.വ എന്നിവ പ്രകാരം ഒരു എൻ.സി.സി കേഡറ്റിന് 40 മിനിറ്റിന്റെ ഒരു പീരീഡിന് 20/- രൂപ നിരക്കിൽ റിഫ്രഷ്മെന്റ് അലവൻസിന് അർഹതയുണ്ട്. 2204-00-102-99-00-34-03-NV ശീർഷകത്തിൽ റിഫ്രഷ്മെന്റ് അലവൻസ് ഉൾപ്പെടെയുള്ള എൻ.സി.സിയുടെ പരിശീലന ചെലവുകൾക്കായി 12.4 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സ്കൂൾ സമയത്തിന് ശേഷം നാല് മണി മുതൽ ആറ് മണി വരെ നടക്കാറുള്ള എൻ.സി.സി. പരേഡ് സമയത്ത് റിഫ്രഷ്മെന്റ് നല്കാതിരിക്കുന്നത് കുട്ടികൾക്ക് ശാരീരിക പ്രശ്നങ്ങൾക്ക് കാരണമാകും എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | എൻ.സി.സി പരേഡ് നടക്കുമ്പോൾ കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ് നൽകാറുണ്ട്. |
| (ഇ) | ഓരോ എൻ.സി.സി. കേഡറ്റുകൾക്കും ഒരു പരേഡിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (ഇ) | 3 പീരീഡ് ചേരുന്നതാണ് ഒരു പരേഡ്. ഒരു പീരീഡിന് 20/- രൂപ നിരക്കിൽ ആണ് റിഫ്രഷ്മെന്റ് അലവൻസ് നൽകുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാനത്ത് നിലവിൽ എത്ര എൻ.സി.സി. യൂണിറ്റുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിലായി ആകെ എത്ര വിദ്യാർത്ഥികളുണ്ടെന്നും അവർക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ ഒരു വർഷം ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ; | (എഫ്) | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 708 ട്രൂപ്പുകളിലായി 58882 കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ് അലവൻസ് ഇനത്തിൽ ഒരു വർഷം ഏകദേശം 14.13 കോടി രൂപയുടെ ചെലവ് വരും. |
| (ജി) | സംസ്ഥാനത്ത് നിലവിൽ എത്ര എൻ.സി.സി. യൂണിറ്റുകൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കലാലയങ്ങളിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിലായി ആകെ എത്ര വിദ്യാർത്ഥികളുണ്ടെന്നും അവർക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ ഒരു വർഷം ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ? | (ജി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 400 കമ്പനികളിലായി 30120 കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ് അലവൻസ് ഇനത്തിൽ ഒരു വർഷം ഏകദേശം 6.02 കോടി രൂപയുടെ ചെലവ് വരും. |

സെക്ഷൻ ഓഫീസർ